കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (ഇ) വകുപ്പ്

നം.2907/ഇ2/12/ഐ & പി.ആർ. തിരുവനന്തപുരം, തീയതി 22-11-12

## സർക്കുലർ

വിഷയം :- ഐ&പി.ആർ.ഡി. - പത്രപ്രവർത്തകേതര പെൻഷൻ /അംഗത്വം എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതും പെൻഷൻ അനുവദിക്കുന്നതിലും വ്യക്തത നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) 4-2-2000 ലെ സ.ഉ.(സാധാ) നം 2/2000/ഐ&പി.ആർ

2) 19-10-12 ൽ ക ൂടിയ പത്രപ്രവർത്തകേതര പെൻഷൻ സബ് കമ്മിറ്റി തീരുമാനങ്ങൾ.

നിലവിൽ പത്രപ്രവർത്തകേതര പെൻഷൻ /അംഗത്വം എന്നിവയ്ക്കായി ധാരാളം അപേക്ഷകർ തങ്ങളുടെ അപേക്ഷകൾ ഡയറക്ടറേറ്റിലേക്ക് നേരിട്ട് സമർപ്പിക്കുന്നതായും അതുപോലെ തന്നെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും, ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായ പരിശോധനയോ ആവശ്യമായ രേഖകളോ വ്യക്തമായ ശുപാർശയോ കൂടാതെ ഡയറക്ടറേറ്റിലേക്ക് അയക്കുന്നതായും അത്തരം അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസം ഉണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പത്രപ്രവർത്തകേതര പെൻഷൻ അംഗത്വം, പത്രപ്രവർത്തകേതര പെൻഷൻ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനും പെൻഷൻ വിതരണം സംബന്ധിച്ചും താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. 2012 ഡിസംബർ മാസം 1-ാം തീയതി മുതൽ ഈ നിബന്ധനകൾ എല്ലാ അപേക്ഷകരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്.

### മാർഗ്ഗ നിർദ്ദേശങ്ങൾ :-

1) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അഗത്വം /പെൻഷൻ തുടങ്ങിയ ആവശ്യങ്ങൾക്കായി ഇനി മുതൽ അപേക്ഷ സമർപ്പിക്കേണ്ടത് അതത് ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലാണ്. പ്രസ്തുത അപേക്ഷയിൽ ചെക്ക് ലിസ്റ്റ് (അനുബന്ധം I & II) പ്രകാരമുള്ള എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പ് വരുത്തി വിശദമായ അന്വേഷണംനടത്തി വ്യക്തമായ ശുപാർശയോടുകൂടി അർഹതയുള്ള അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിലേക്ക്/ സർക്കാരിലേക്ക്

അയയ്ക്കാൻ പാടുള്ളൂ. അർഹതയില്ലാത്ത അപേക്ഷകൾ കാരണം വ്യക്തമാക്കി ജില്ലാ ഇൻഫർമേഷൻ ആഫീസിൽ നിന്ന് തന്നെ നിരസിച്ച് വിവരം അപേക്ഷകരെ അറിയിക്കേണ്ടതാണ്. ഇനി മുതൽ പത്രപ്രവർത്തകേതര പെൻഷൻ, അംഗത്വം എന്നിവക്കായി ഡയറക്ടറേറ്റിൽ/സർക്കാരിൽ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുകയോ അപേക്ഷകർക്ക് മറു പടി ലഭ്യമാക്കുകയോ ചെയ്യുന്നതല്ല

2) പത്രപ്രവർത്തകേതര പെൻഷൻ അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസുമായി ബന്ധപ്പെട്ട് പെൻഷൻഅംഗത്വ പാസ് ബുക്ക് 30 ദിവസത്തിനുള്ളിൽ തന്നെ കൈപ്പറ്റേണ്ടതാണ്. നിലവിൽ വേജ്ബോർഡ് ശു പാർശ നടപ്പിലാക്കിയിട്ടുള്ള എല്ലാ ദിനപത്രസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന പത്രപ്രവർത്തകേതര ജീവനക്കാർ പെൻഷൻഅംഗത്വം എടുത്തിട്ടില്ലെങ്കിൽ 2012 ഡിസംബർ 1-ാം തിയതി മുതൽ 3 മാസത്തിനകം അംഗത്വത്തിനായി ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. ഈ സമയപരിധി കഴിഞ്ഞാൽ നിലവിലെ ഒരു ജീവനക്കാർക്കും ഈ പദ്ധതിയിൽ അംഗത്വം നൽകുന്നതല്ല. ഇനി മുതൽ വേജ് ബോർഡ് ശുപാർശ നടപ്പിലാക്കിയിട്ടുള്ള ദിനപത്രസ്ഥാപനങ്ങളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന പത്രപ്രവർത്തകേതര ജീവനക്കാർ നിലവിലെ നിയമമനുസരിച്ച് ജോലിയിൽ പ്രവേശിച്ച് 6 മാസത്തിനുള്ളിൽ തന്നെ ഈ പദ്ധതിയിൽ പെൻഷൻ അംഗത്വം എടുത്തിരിക്കേണ്ടതാണ്.

3) വിവിധ ദിനപത്രസ്ഥാപനങ്ങളിലെ പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ പ്രായം വ്യത്യസ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കുന്നതിന് അപേക്ഷകന് കുറഞ്ഞത് 58 വയസ് പൂർത്തിയായിരിക്കണം. അപേക്ഷകൻ/അപേക്ഷക 58 വയസ്സ് പൂർത്തിയാകുന്നതുവരെയും പെൻഷൻ അംശദായം അടച്ചിരിക്കണ ം. 55 വയസിൽ പെൻഷൻ ആകുന്ന ജീവനക്കാരും 60 വയസിൽ പെൻഷൻ ആകുന്ന ജീവനക്കാരും 58 വയസ് തികയുന്നതുവരെയും ഈ പദ്ധതി പ്രകാരം അംശദായം അടയ്ക്കേണ്ടതാണ് 58 വയസിലും അതിന് മുൻപും പെൻഷൻ ആകുന്ന ജീവനക്കാർ 58 വയസ് തികയുന്ന മുറക്ക് ആവശ്യമായ

എല്ലാ രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പെൻഷൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. 58 വയസിനു ശേഷം പെൻഷൻ പ്രായമുള്ള പത്രസ്ഥാപനങ്ങളിലെ ജീവനക്കാർ 58 വയസിനുശേഷം അവർ പെൻഷനാകുന്ന മുറക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവർ അംശദായം 58 വയസ് തികയുന്നതുവരെ അടച്ചാൽ മതിയാകും.

4) പത്രപ്രവർത്തകേതര ജീവനക്കാർക്ക് ഒരിക്കൽ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ തുടർ പെൻഷൻ നൽകുന്നതിന് ഇനി മുതൽ പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതല്ല. ഡയറക്ടറേറ്റിൽ നിന്നും ഓരോ ജില്ലയിലും പത്രപ്രവർത്തകേതര പെൻഷൻ വിതരണത്തിനായി നൽകുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് എല്ലാ പെൻഷൻകാർക്കും അവർക്ക് ലഭ്യമാക്കേണ്ട പെൻഷൻ തുക വിവേചനം കൂടാതെ ജില്ലാ ഇൻഫർമേഷൻ ഓഫിസർമാർ മുറക്ക് വിതരണം ചെയ്യേണ്ടതാണ്. പ്രസ്തുത പെൻഷൻ വിതരണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിവേചനം കൂടാതെ ബന്ധപ്പെട്ട എല്ലാവർക്കും തുല്യ നീതിയിൽ നടക്കുന്നുവെന്ന് ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

5) ഓരോ ജില്ലയിലും നിലവിൽ പത്രപ്രവർത്തകേതര പെൻഷൻ, ആശ്രിതപെൻഷൻ വാങ്ങുന്നവരുടെയും, പെൻഷൻ അംഗത്വം ലഭിച്ച് അംശദായം അടക്കുന്നവരുടെയും വിശദ വിവരം സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ഫോർമാറ്റിൽ (അനുബന്ധം III & IV) തയ്യാറാക്കി ആയതിന്റെ hard copy, soft copy എന്നിവ 30 ദിവസത്തിനുള്ളിൽ തന്നെ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ ജില്ലയിലും ഒരു മാസം പത്രപ്രവർത്തകേതര പെൻഷൻ ആശ്രിതപെൻഷൻ നൽകുന്നതിന് വേണ്ടുന്ന ആകെ തുക എത്രയാണെന്ന് വിശദമായ സ്റ്റേറ്റ്മെന്റും ലഭ്യമാക്കേണ്ടതാണ്. ഓരോ 6 മാസം കൂടുമ്പോഴും പെൻഷൻ / ആശ്രിത പെൻഷൻ എന്നിവയുടെ വിതരണത്തിന് പ്രസ്തുത ജില്ലയിൽ പ്രതിമാസം വേണ്ടുന്ന തുക സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇത് സമയപരിധിക്കുള്ളിൽ തന്നെ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

6) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിച്ച് പാസ്ബുക്ക് ലഭിക്കുന്ന ജീവനക്കാർ 2004 ന് മുൻപ് സർവീസിൽ പ്രവേശിച്ചവർ 1-1-2004 മുതൽ പ്രതിമാസം 100 രൂ നിരക്കിലും 1-4-11 മുതൽ പ്രതിമാസം 150/- രൂപ നിരക്കിലും അംശദായം അടക്കേണ്ടതാണ്. അംഗത്വം ലഭിച്ച ആരുടെയെങ്കിലും പാസ് ബുക്ക് ഇനി മുതൽ നഷ്ടമായാൽ ഡയറക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിൽ 250/- രൂപ ഒടുക്കി നഷ്ടപ്പെട്ട പാസ്ബുക്കിന്റെ പകർപ്പും അംശദായമടച്ച രസീതുകളുടെ പകർപ്പുകളും സഹിതം പുതിയ പാസ്ബുക്ക് ലഭിക്കാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. ഇത് പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം ജില്ലാ ഇൻഫർമേഷൻ ഓഫീസർ അപേക്ഷ ഡയറക്ടറേറ്റിൽ അയച്ചു തരേണ്ടതുമാണ്. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തവർക്ക് പുതിയ പാസ്ബുക്ക് ഒരു കാരണവശാലും അനുവദിച്ചു നൽകുന്നതല്ല.

7) നിലവിൽ മദ്ധ്യാന, സായാഹ്ന ദിനപത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വേജ് ബോർഡ് ശുപാർശ നടപ്പിലാക്കിയിട്ടുണ്ട് എന്ന് ലേബർ കമ്മീഷണർ വ്യക്തമാക്കിയിട്ടുള്ള ദിനപത്രങ്ങളിലെ ജീവനക്കാർക്കാണ് ഈ പദ്ധതി പ്രകാരം പെൻഷൻ നൽകിവരുന്നത്. ആയതിനാൽ മദ്ധ്യാന, സായാഹ്ന പത്രങ്ങൾ, വേജ് ബോർഡ് ശുപാർശ നടപ്പിലാക്കിയിട്ടില്ലാത്ത പത്രസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ അപേക്ഷ അംഗത്വം/പെൻഷൻ എന്നിവയ്ക്ക് ഡയറക്ടറേറ്റ്/സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

എ. ഫിറോസ്
ഡയറക്ടർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:-

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

അനുബന്ധം I

## പത്രപ്രവർത്തകേതര പെൻഷൻ അംഗത്വത്തിനുള്ള അപേക്ഷ -ചെക്ക് ലിസ്റ്റ്

(ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ ഉപയോഗത്തിന്)

പത്രപ്രവർത്തകേതര പെൻഷൻ അംഗത്വത്തിനായി അപേക്ഷ സമർപ്പിച്ച ------------------------------------------------ ദിനപത്രത്തിലെ ജീവനക്കാരൻ/ജീവനക്കാരിയായ ------------------------------------- (അഡ്രസ്)------------------------------------------------------------------------ ------------------------------------------------------- താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | **അപേക്ഷകന്റെ /അപേക്ഷകയുടെ പേര്** | |
| 2 | **പെൻഷൻ അംഗത്വത്തിനുള്ള അപേക്ഷ** | അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ---------------------------പേജിൽ കാണുക |
| 3 | **ജനനതീയതി**<br>(ജനനതീയതി തെളിയിക്കാൻ SSLCബുക്ക്/സ്കൂൾരേഖയുടെ പകർപ്പ്) | (പകർപ്പ് ----------------------------പേജിൽ കാണുക) |
| 4 | **മേൽവിലാസം**<br>(മേൽവിലാസം തെളിയിക്കാൻ SSLCബുക്ക്/സ്കൂൾരേഖയുടെ പകർപ്പ്/ഇലക്ഷൻ ID/പാസ്പോർട്ട്/ റേഷൻകാർഡ് ഇവയിലേതെങ്കിലും ഒന്നിന്റെ പകർപ്പ്) | (പകർപ്പ് ----------------------------പേജിൽ കാണുക) |
| 5 | **ജോലി ചെയ്യുന്ന ദിനപത്രസ്ഥാപനത്തിന്റെ വിശദവിവരം, വേജ്ബോർഡ് ശുപാർശ നടപ്പിലാക്കിയ പത്രസ്ഥാപനമാണോ?**<br>(എംപ്ലോയ് മെന്റ് സർട്ടിഫിക്കറ്റ് സഹിതം) | (പകർപ്പ് ----------------------------പേജിൽ കാണുക) |
| 6 | **ജോലിയിൽ പ്രവേശിച്ച തീയതി ടി പത്രസ്ഥാപനത്തിലെ പെൻഷൻ**<br>പ്രായം (എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്/ പത്രസ്ഥാപനം നൽകുന്ന ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ്) | (പകർപ്പ് ----------------------------പേജിൽ കാണുക) |

മേൽ പറഞ്ഞിരിക്കുന്ന രേഖകളെല്ലാം ഞാൻ നേരിൽ കണ്ട് പരിശോധിച്ചവയാണെന്നും ആയതിന്റെ ഒറിജിനൽ/സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മുകളിൽ സുചിപ്പിച്ചിട്ടുള്ള പേജുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അന്വേഷണത്തിൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുകയും ടിയാൾക്ക് പെൻഷൻ അംഗത്വം നൽകാൻ ശുപാർശയും ചെയ്യുന്നു.

സ്ഥലം ----------------------

തീയതി ---------------------

ഒപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

---------------------- ജില്ല.

<u>മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഉപയോഗത്തിന് മാത്രം</u>

------------------------------------- ജില്ല ഇൻഫർമേഷൻ ഓഫീസർ ലഭ്യമാക്കിയ ---------------------------- ദിനപത്രത്തിലെ -----------------------------ജില്ല/എഡിഷനിലെ - ---------------------------------------- ജീവനക്കാരൻ/ജീവനക്കാരിയുടെപത്രപ്രവർത്തകേതര പെൻഷൻ അംഗത്വത്തിനുള്ള അപേക്ഷയും അനുബന്ധരേഖകളും ഞാൻ പരിശോധിച്ചു. ഇതിലേയ്ക്കായി ആവശ്യപ്പെട്ടിരുന്ന രേഖകളെല്ലാം ഹാജരാക്കിയിട്ടുള്ളതിനാലും ഇൻഫർമേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുള്ളതിനാലും ടിയാൾക്ക് പത്രപ്രവർത്തകേതര പെൻഷൻ അംഗത്വം നൽകാൻ ഞാൻ ശുപാർശ ചെയ്യുന്നു.

സ്ഥലം ----------------------

ഒപ്പ്

തീയതി ---------------------

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

--------------------മേഖല

അനുബന്ധം II (a)

പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ - ചെക്ക് ലിസ്റ്റ്

(ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ ഉപയോഗത്തിന്)

പത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച -------------------------------------------ദിനപത്രത്തിലെ ജീവനക്കാരൻ/ജീവനക്കാരിയായ ------------------------------------------- ------------------- (അഡ്രസ്)------------------------------------------- ------------------------------- താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | **അപേക്ഷകന്റെ /അപേക്ഷകയുടെ പേര്** | |
| 2 | **പെൻഷൻ അപേക്ഷ** | അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ----------------പേജിൽ കാണുക |
| 3 | **ജനനതീയതി**<br>(ജനനതീയതി തെളിയിക്കാൻ SSLCബുക്ക്/സ്കൂൾരേഖയുടെ പകർപ്പ്) | (പകർപ്പ് ----------------പേജിൽ കാണുക) |
| 4 | **മേൽവിലാസം**<br>(മേൽവിലാസം തെളിയിക്കാൻ SSLCബുക്ക്/സ്കൂൾരേഖയുടെ പകർപ്പ്/ഇലക്ഷൻ ID/പാസ്പോർട്ട്/ റേഷൻകാർഡ് ഇവയിലേതെങ്കിലും ഒന്നിന്റെ പകർപ്പ്) | (പകർപ്പ് ----------------പേജിൽ കാണുക) |
| 5 | **ജോലി ചെയ്തിരുന്ന ദിനപത്ര സ്ഥാപനത്തിന്റെ വിശദവിവരം വേജ്ബോർഡ് ശുപാർശ നടപ്പിലാക്കിയ പത്രസ്ഥാപനമാണോ?**<br>(എംപ്ലോയ് മെന്റ് സർട്ടിഫിക്കറ്റ് സഹിതം) | (പകർപ്പ് ----------------പേജിൽ കാണുക) |
| 6 | **ജോലിയിൽ നിന്നും വിരമിച്ച തീയതി ടി പത്രസ്ഥാപനത്തിലെ പെൻഷൻ പ്രായം** (ബന്ധപ്പെട്ട പത്രസ്ഥാപനം നൽകുന്ന വിരമിച്ചതായുള്ള സർട്ടിഫിക്കറ്റ്) | (പകർപ്പ് ----------------പേജിൽ കാണുക) |

| | | |
|---|---|---|
| 7 | പെൻഷൻ അംഗത്വ നമ്പർ, ആകെ ഒടുക്കിയ അംശദായം എത്ര വർഷത്തെ അംശദായം അടച്ചിട്ടുണ്ട്. (പെൻഷൻ പാസ്ബുക്കിന്റെ ബന്ധപ്പെട്ട പേജുകൾ സാക്ഷ്യപ്പെടുത്തിയത്) | (പകർപ്പ് ------------------പേജിൽ കാണുക) |

മേൽ പറഞ്ഞിരിക്കുന്ന രേഖകളെല്ലാം ഞാൻ നേരിൽ കണ്ട് പരിശോധിച്ചവയാണെന്നും ആയതിന്റെ പകർപ്പുകൾ മുകളിൽ സൂചിപ്പിച്ചിട്ടുളള പേജുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അന്വേഷണത്തിൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്നും ശ്രീ. ------------------------------ 10 വർഷത്തിൽ കൂടുതൽ ------------------------------ പത്രസ്ഥാപനത്തിൽ ജോലി ചെയ്തിട്ടുണ്ടെന്നും . ടിയാൾക്ക് ------------------ തീയതി 58 വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും, ടിയാൻ പെൻഷൻ അംഗത്വം ലഭിച്ചതു മുതലുളള അംശദായം ഒടുക്കിയിട്ടുണ്ടെന്നും ആ വകയിൽ കുടിശിക ഇല്ലായെന്നും ഞാൻ സാക്ഷ്യപ്പെടുത്തുകയും ടിയാൾക്ക് പെൻഷൻ അനുവദിച്ചു നൽകാൻ ശുപാർശയും ചെയ്യുന്നു.

സ്ഥലം ------------------

ഒപ്പ്

തീയതി ------------------

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

------------------ ജില്ല.

<u>മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഉപയോഗത്തിന് മാത്രം</u>

------------------------------ ജില്ല ഇൻഫർമേഷൻ ഓഫീസർ ലഭ്യമാക്കിയ ---- ------------------ ദിനപത്രത്തിലെ ------------------ജില്ല/എഡിഷനിലെ ------------------ ------------ ജീവനക്കാരൻ/ജീവനക്കാരിയുടെപത്രപ്രവർത്തകേതര പെൻഷൻ അനുവദിക്കുന്നതിനുളള അപേക്ഷയും അനുബന്ധരേഖകളും ഞാൻ പരിശോധിച്ചു. ഇതിലേയ്ക്കായി ആവശ്യപ്പെട്ടിരുന്ന രേഖകളെല്ലാം ഹാജരാക്കിയിട്ടുളളതിനാലും ഇൻഫർമേഷൻ ഓഫീസർ ശുപാർശ ചെയ്തിട്ടുളളതിനാലും ടിയാൾക്ക് പത്രപ്രവർത്തകേതര പെൻഷൻ അനുവദിച്ചു നൽകാൻ ഞാൻ ശുപാർശ ചെയ്യുന്നു.

സ്ഥലം ------------------

ഒപ്പ്

തീയതി ------------------

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

------------------മേഖല

പത്രപ്രവർത്തകേതര പെൻഷൻ/ആശ്രിതപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ ലിസ്റ്റ്

അനുബന്ധം IV

ജില്ല: ---------------------------------------

തീയതി ---------------------------------

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| സീരി. നം | പേര് | ജനന തീയതി | പെൻഷൻ അംഗത്വനം. | മേൽവിലാസം ജില്ല പിൻകോഡ് സഹിതം | ജോലി ചെയ്തിരുന്ന പത്രസ്ഥാപനത്തിന്റെ പേര്/ജില്ല | ജോലിയിൽ പ്രവേശിച്ച തീയതി | ജോലിയിൽ നിന്നും വിരമിച്ച തീയതി | പെൻഷൻ അനുവദിച്ച ഉത്തരവ് നം. തീയതി | ടിയാൾക്ക് പെൻഷൻ ഏത് മാസം വരെനൽകിയിട്ടുണ്ട് |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |